# D' Art



# ആമുഖം

പൊതു വിദ്യാഭ്യാസ  വകുപ്പിന്റെയും കൈറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് വിവരസാങ്കേതിക വിദ്യയിൽ പ്രാവീണ്യം നേടാനായി തയ്യാറാക്കിയിരിക്കുന്ന പഠനപദ്ധതിയാണ്  ലിറ്റിൽ കൈറ്റ്സ് അതിന്റെ തുടർപ്രവർത്തനങ്ങളുമായി

ബന്ധപ്പെട്ടാണ് ഞങ്ങൾ 'Di ആർട്ട്  'എന്ന ഡിജിറ്റൽ മാഗസിൻ

തയ്യാറാക്കിയിരിക്കുന്നത്.സൈബർ ഇടത്തിലൂള്ള ഞങ്ങളുടെ ക്രിയാത്മകമായ ഈ ഇടപെടൽ  അഭിമാനപൂർവ്വം സമർപ്പിച്ചുകൊള്ളുന്നു...

# കളിമുറ്റം






ഓടിക്കളിച്ചതും ഓതിക്കളിച്ചതും

ചൊല്ലിക്കളിച്ചതും ഈ മുറ്റത്തല്ലോ....

നന്മയോതാനും നന്മമരമാവാനും

കാരണമായതും ഈ മുറ്റത്തല്ലോ....

എന്നുടെ ജീവിതം മാറ്റിമറിക്കാനും

കാരണമായതും ഈ മുറ്റത്തല്ലോ

ഈ മുറ്റം കയറിയപ്പോഴാദ്യം കരഞ്ഞു

ഇനിയിവിടുന്നിറങ്ങും കാര്യമോർക്കുമ്പോ

കണ്ണീർ പൊടിയുന്നു ഞാനറിയാതെ....

ഈ തിരുമുറ്റമെൻ മനസ്സിലുണ്ടൊരു

വാടാമലരായി എന്നുമെന്നും

നല്ലകാര്യങ്ങളിൽ പ്രേമമുണ്ടാകുവാൻ

ത്രാണിയുണ്ടാവണമെന്നുമെന്നും

ഇന്നു ഞാൻ കാണുന്നു

നാളെയുണ്ടാവുമെന്നറിയില്ലതുകൊണ്ട്

നന്മയോതേണം നന്മരമാവണം

നമ്മളെല്ലാവരും എന്നോതിക്കൊണ്ട്

ഞാൻ വിടചൊല്ലുന്നു.....




# കടങ്കഥകൾ

1.ആയിരം കിളികൾക്ക് ഒറ്റകൊക്ക്–വാഴക്കുല

2.ഇല്ലിമേലായിരം പല്ലിമൊട്ട-നെല്ലിക്ക

3.ഉരുട്ടാം പിരട്ടാം എടുക്കാൻ വയ്യ-കണ്ണ്

4.തിന്നില്ല കുടിക്കില്ല തല്ലാതെ മിണ്ടില്ല- ചെണ്ട

5.പിടിക്കാൻ പറ്റില്ല,വെട്ടേൽക്കില്ല-വെള്ളം

6.അടിയിൽ വട്ടക്കിണ്ണം മേലെ പച്ചപ്പന്തൽ-ചേന

7.അരിവെക്കും മുമ്പെ കറിവെക്കും-ചീര

8.ഒരാൾക്ക് തലയിലും കാലിലും തൊപ്പി-ഉലക്ക

9.അമ്മപെറ്റതെല്ലാം കറുത്ത പട്ടാളം-കട്ടുറുമ്പ്

10.ഓടും കുതിര ചാടും കുതിര വെള്ളം കണ്ടാൽ നിൽക്കും കുതിര-ചെരുപ്പ്

# ജീവശാസ്ത്രത്തിലെ നൂതനകാൽവെപ്പുകൾ




മായാദേവി.വി.വി

ശരീരത്തിലെ ഏറ്റവും ചെറിയ അവയവമായ പീനിയൽ ഗ്രന്ഥി മുതൽ ഏറ്റവും വലിയ അവയവമായ ത്വക്ക് വരെ എഴുപത്തെട്ട് അവയവങ്ങളായിരുന്നു മനുഷ്യശരീരത്തിൽ ഉണ്ടായിരുന്നത്.ആ സംഘത്തിലേക്ക് മെസൻ്ടി കൂടി എത്തിയതോടെ മനുഷ്യ ശരീരത്തിലെ അവയവങ്ങളുടെ എണ്ണം എഴുപത്തൊൻപതായെന്ന് ലോകം സ്ഥിരീകരിച്ചത് 2017 ലാണ്.

ചെറുകുടലിനെയും വൻകുടലിൻറെ ചിലഭാഗങ്ങളെയും അവയ്ക്ക് ചെറിയ തോതിൽ ചലനം അനുവദിച്ചുതന്നെ വയറ്റിനുള്ളിൽ ഉറപ്പിച്ചു നിർത്തുന്ന ശരീരഭാഗമാണ് മെസൻ്ടി..ദഹനേന്ദ്രിയ വ്യൂഹത്തിലെ കുടലും കരളും അഗ്നേയഗ്രന്ഥിയും പോലുള്ള സുപ്രധാന അവയവങ്ങൾക്കടുത്ത് വലിയപരിഗണനയൊന്നും കിട്ടാതെ കിടന്നിരുന്ന മെസൻററി

ഇപ്പോൾ താര പരിവേഷത്തിലായിരിക്കുന്ന.മെസൻഡറി

,മെസോക്കോളനുകൾ,സിഗ്മോയ്ഡ്,മെസോറെക്ടം എന്നിവ വേറിട്ടു നിൽക്കുന്ന ഭാഗങ്ങളല്ലെന്നും അവയവത്തിൻറെ തുടർച്ചയായ ഭാഗങ്ങളാണെന്നുമാണ് പുതിയതായി കണ്ടെത്തിയത്.

അയർലെൻറിലെ ലിമറിക് സർവകലാശാലയിലെ ആശുപത്രിയിലെ ഗവേഷകൻ ജെ.കാല്വിണ്ടൻ കോഫി,പീറ്റർ ഒലിയറി എന്നിവരാണ് കണ്ടെത്തലിനു പിന്നിൽ.മെസൻറി എന്നാണ് അവയവത്തിനു പേരിട്ടത്. രക്തത്തിലും ക്രിസ്പർ ജീൻ എഡിറ്റിങ്ങ് രക്തത്തിലും ജനിതക എഡിറ്റിങ്ങ് നടത്താം എന്നു തെളിയിച്ചത് 2017 ലാണ്.രോഗചികിത്സയിൽ നൂതന സാധ്യതകളുടെ വിസ്മയങ്ങൾ വിരിയിക്കുകയാണ് ക്രിസ്പർ ജീൻ എഡിറ്റിങ്ങ് സങ്കേതം.ഗുരുതരമായ ശ്വാസകോശാർബുദം ബാധിച്ച രോഗിയിലാണ് ചൈനീസ് ശാസ്ത്രജ്ഞർ ജനിതക എഡിറ്റിങ്ങ് നടത്തിയ കോശങ്ങൾ 2017 ൽ സന്നിവേശിപ്പിച്ചത്. ക്രിസ്പർ എന്നവാക്ക് ചികിത്സ രംഗത്ത് പരിചിതമാകുന്നകാലം അകലെയല്ലെന്നു സാരം.നേച്ചർ ജേണലിലാണ് പുതിയ പരീക്ഷണ റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്.

ജീനുകളുടെ കട്ട് ആൻഡ് പേസ്റ്റ് എളുപ്പത്തിലും വേഗത്തിലും സാധ്യമാകുന്നതിലൂടെ പുതിയ വാതായനങ്ങളാണ് തുറക്കപ്പെടുന്നത്. തന്മാത്ര കത്രികകളായാണ് ക്രിസ്പർ പ്രവർത്തിക്കുന്നത്.ക്രിസ്പർ സങ്കേതം ഉപയോഗിച്ച് DNA യിലെ ജനിതകകോഡുകൾ നീക്കം ചെയ്യാം.നിലപിലുള്ള മറ്റേതൊരു ടൂളിനേക്കാളും ക്രിത്യതയാർന്നതും ഫലപ്രദനവുമാണ് ഈ

ജനിതക എഡിറ്റിങ്ങ് സങ്കേതം ,പ്രോസ്റ്റേറ്റ്,റീനൽ കാൻസറിനെതിരെ ക്രിസ്പർ ജീൻ എഡിറ്റിങ്ങ് ഉപയോഗിച്ചുള്ള ചികിത്സയ്ക് തയാറെടുക്കുന്നു.

DNA ഒറിഗാമി

ജീവൻറെ ചുരുളുകൾ എന്ന വിശേഷണമുള്ള ,ഡി എൻ എ യിൽ സാധ്യമാക്കുന്ന ഒറിഗാമിയിലൂടെ സാധ്യതകളുടെ പുതുവഴിയിലേക്കുള്ള സൂചനകളാണ് 2017 ൽ കണ്ടത്.ഡി എൻ എ  ഒറിഗാമി എന്നറിയപ്പെടുന്ന സങ്കേതത്തിന് ഒരു ദശകത്തിൻറെ പഴക്കമുണ്ടെങ്കിലും ഇത്ര എളുപ്പത്തിലും വേഗത്തിലും വിവിധ ആകൃതിയിലുള്ള ഘടനകളാക്കി മാറ്റാൻ കഴിഞ്ഞത് 2017 ലാണ്.ജോർജിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെയും എമറി സർവകലാശാലാശാലയിലെയും ശാസ്ത്രജ്ഞരുടെ നേതൃത്തില്ലള്ള ഗവേഷക സംഘമാണ് ഈ നേട്ടം കൈവരിച്ചത്.DNA യിൽ നാനോതലത്തിൽ നടത്തുന്ന മടക്കുവിദ്യയിലൂടെ  ദ്വിമാന ത്രിമാന ഘടകങ്ങളൊക്കെ നിർമ്മിക്കാം. വൈദ്യശാസ്ത്രത്തിലും നാനോ ടെക്നോളജിയിലും ഇലക്ട്രോണിക്സിലുമൊക്കെ DNA മിന്നും താരമാകാൻ പോവുകയാണ്.

# വേഴാമ്പലിന്റെ മോഹം

മഴക്കാലത്ത് മലമുഴക്കി വേഴാമ്പലിന് പാടാൻ ഒരു മോഹം.

മഴയുടെ താളം കേട്ട് പാടാൻ ഒരു മോഹം. A.V.H.S. S

മഴയ്ക്കു വേണ്ടി കാത്തിരുന്ന വേഴാമ്പൽ, കൂട്ടിൽ കിടന്ന് മയങ്ങി

പോയി ,വേഴാമ്പലിന്റെ മനസ്സിൽ രാഗം മൂളി കിടന്നു,

സ്വപ്നത്തിൽ പോലും മഴയാണ്. എന്നും ഗാനം മൂളാനായി

കൊതിക്കുന്നു ഞാൻ

ഗാനത്തിൽ ചിലമ്പടി കേൾക്കാൻ തുടങ്ങി,

വേഴാമ്പലിന്റെ കണ്ണുകൾ തുറന്നു വന്നു ,

മഴപെയ്തു മഴപെയ്തു ഗാനം ..

വിലോലമായി രാഗം മൂളി തുടങ്ങി

മഴയുടെ ചിൽ ചിൽ താളത്തിൽ വേഴാമ്പൽ.

അമൽ പി ബി

shutterstock.com • 650336737

# ഓർമക്കുറിപ്പ്...പി എൻ പണിക്കർ



നമ്മുടെ ജീവിതത്തെ മുന്നോട്ട് നയിക്കുന്നതിൽ വായന പ്രധാന പങ്ക് വഹിക്കുന്നു.പി എൻ പണിക്കർ എന്ന മഹാനായ വ്യക്തിത്വത്തിന്റെ ചരമദിനം ആണ് നമ്മൾ വായന ദിനമായി ആചരിക്കുന്നത്.ആകെ പേര് പുതുവായിൽ നാരായണ പണിക്കർ എന്നാണ് കോട്ടയം ജില്ലയിലെ നീലംപേരൂരാണ് ജനനം.

ഞാനും എന്റെ കൂട്ടുകാരും അദ്ധ്യാപകരും ചേർന്ന് അദ്ദേഹത്തിന്റെ വീട്ടു കാണുവാൻ സ്കൂളിലെ വിദ്യാരംഗം കലാസാഹിത്യവേദിയിൽ നിന്നും ഏകദേശം പതിനൊന്ന്

മണിയോടെ

പുറപ്പെട്ടു. ചെറിയ ഗ്രാമം.പച്ചപ്പണഞ്ഞ ഗ്രാമപശ്ചാത്തലം അവിടെ ചെറിയ ഒരു വീട്ടും. സനാതന ധർമ്മശാലയും കാണാനാവും.ആ യാത്ര അദ്ദേഹത്തെ കൂടുതലറിയാൻ സാധിച്ചു . അവിടെ ഞങ്ങൾ മാത്രമായിരുന്നില്ല . അദ്ദേഹത്തെ അടുത്ത് അറിയുവാൻ പല വിദ്യാലയങ്ങളിൽ നിന്നും കുട്ടികളും ഉണ്ടായിരുന്നു.ബന്ധുക്കളിൽന്നിന്നും സഹപാഠികളിൽനിന്നും അദ്ദേഹത്തെപ്പറ്റി കൂടുതലറിയാൻ സാധിച്ചു.അവിടെ നിന്നും ഞങ്ങൾ ഒരുമണിയോടെ പുറപ്പെട്ടു

വായനയുടെ പ്രാധാന്യം നമ്മളോരുരുത്തരിലും എത്തിച്ച ആ മഹാത്മാവിന് ഒരായിരം നന്ദി.

കൈലാസ് സതീശൻ

# മഹദ്വചനങ്ങൾ

- "ഒരു പരാജയത്തിൽ നിന്നും

മറ്റൊന്നിലേക്ക് ഉൽസാഹം

നഷ്ടപ്പെടാതെപോകാനുള്ള കഴിവാണ് വിജയം"

വിൻസ്റ്റൺ ചർച്ചിൽ

"ജീവിതംഒരു ചെറു മെഴുകുതിരിയല്ല ജ്വലിക്കുന്ന ദീപമാണ് ".

ബർണാഡ് ഷാ

"തെറ്റായമാർഗം എപ്പോഴും എളുപ്പം എന്നു തോന്നും".

തോമസ് മൂർ

"ഒരുവിദ്യാലയംതുറക്കുന്നവൻ കാരാഗ്രഹം അടയ്കുന്നു."

വിക്ടർ ഹ്യൂഗോ

"എല്ലാവർക്കും തെറ്റ് പറ്റാറുണ്ട് എന്നാൽ ബുദ്ധിമാൻമാർ

മാത്രം അവരുടെ തെറ്റിൽ നിന്നും പാഠം പഠിക്കും."

വിൻസ്റ്റൺ ചർച്ചിൽ



# STEPHEN HAWKING

Stephen William Hawking born on January 8,1942,Oxford, Cambridge was an English theoretical physicist whose theory of exploding black holes drew upon both relativity theory and quantum mechanics. He also worked with space time singularities.

In the early 1960s Hawking contractedamyotrophic lateralscleros is an incurable degenerative neuromuscular disease. He continued to work despite the disease’s progressively disabling effects. He worked primarily in the field of general relativity and particularly on the physics of black holes .In 1971 he suggested the formation following big bang of numerous objects called mini black holes are unique in that their immense mass and gravity require that the laws of quantum mechanics apply to them also. In 1974 Hawking proposed that in accordance with the predictions of quantum theory black holes emit subatomic particles until they exhaust their energy and finally explode. Hawking's work greatly spurred efforts to theoretically delineate the properties of black holes objects about which it was previously thought that nothing could be known. His work was also important because it showed these properties relationship to the laws of classical thermodynamics and quantum mechanics.

In 1974 the royal society elected him one of its youngest fellows .He became professor of gravitational physics at

Cambridge in 1977 and in 1979. He has appointed to Cambridge’s Lucian Professorship of mathematics a post once held by Issac newton. Hawking was made a commander of the British Empire in 1982 and a companion of Honour in1989. He also received the copy medal from the Royal Society in 2006and the US Presidential Medal of freedom in 2008 .He accepted a visiting research chair at the Perimeter Institute for Theoretical Physics in Waterloo, Canada.

His publications include the Large scale structure of space time, Super space and Super Gravity ,The very early universe and the best seller A brief theory of time,the bigbang to the black holes,The Universe in a nut shell.

# എന്റെ ക്ലാസ് മുറി

നമ്മൾ ഏറ്റവും കൂടുതൽ സമയം ചെലവഴിക്കുന്നത് നമ്മുടെ ക്ലാസ് മുറികളിലാണ് .കൂട്ടുകാരുമായി കളിച്ചും ചിരിച്ചും സന്തോഷത്തോടെയിരിക്കുന്ന ക്ലാസ് മുറികൾ. അവിടെവെച്ചാണ് നാം എല്ലാ വിഷമങ്ങളും മറക്കുന്നത്.എല്ലാ ക്ലാസ് മുറിയിം ഒരു ദേവാലയമാണ്. കാരണം അവിടമാണ് അറിവിന്റെ ആലയം.ആദ്യമായി നാം സ്കൂളിലെത്തുമ്പോൾ കണ്ണീരോടെയാണ് നാം ആ പടികയറുന്നത്. അതുപോലെയാണ് പടിയിറക്കവും.ആ നേരം മനസ്സിൽ പോലും കരയാത്തവരില്ല. അപ്പോഴാണ് നാം പഴയ ദിനങ്ങൾ ഒരിക്കൽ കൂടി കിട്ടിയെങ്കിൽ എന്നു കരുതുന്നത്.എല്ലാ ക്ലാസ് മുറികൾക്കും ഒരുപാട് തലമുറകളുടെ കഥ പറയാൻ ഉണ്ടാവും . അവരുടെ ഇണക്കങ്ങളും, പിണക്കങ്ങളും, കളിചിരികളും,തല്ല് കൂടലും അങ്ങനെ ഒരായിരം കഥകൾ.ക്ലാസ് മുറികളിൽ ഒരിക്കലും മറകളുണ്ടാവില്ല കാരണം നാം എല്ലാം തുറന്നു പറയുന്ന, നാം ഏറ്റവും സ്നേഹിക്കുന്ന കൂട്ടുകാർ ഉള്ളത് അവിടെയാണ്.അവിടെ നമ്മുടെ സ്നേഹത്തിന് അതിരുകളില്ല. ഇവയെല്ലാമാണ് നമ്മെ ക്ലാസിലെത്തിക്കാൻ പ്രേരിപ്പിക്കുന്നത്.എല്ലാത്തിനും ശേഷം വേദനയോടെ പടിയിറങ്ങുമ്പോൾ നാം പറയും "ഒരിക്കൽ കൂടി ആ ദിനങ്ങൾ തിരികെവന്നെങ്കിലെന്ന് "









# എന്റെ ബാല്യം

ഓരോ മയിൽ പീലി തണ്ടു പോൽ

അലത്തല്ലാതിട്ടുമെൻ ബാല്യം

ഓരോ കാറ്റായും

മന്ദസ്മികം തൂവുമെൻ ബാല്യം

ഒരുപക്ഷിയായ് പാറിപറക്കുമീ പ്രകൃതിയിൽ

നേർത്തതൂവലായ് മഞ്ഞ്പോൽ

പൊഴിയുന്നെൻ ബാല്യം ഒരുന്നല്ലുപോൽ

പെയ്യുന്നവാർമഴപോലെ

മുത്തുപോലെ എത്ര കണ്ടാലും

തിളങ്ങുന്ന ചെമ്പട്ടുപോലെ എന്നും നക്ഷത്ര തിളക്കം.

മായാതെ നിൽക്കും തൂവെണ്മ പോലെ

മിന്നി തിളങ്ങും നക്ഷത്ര കല്ലുപോൽ

എന്നുമെൻ ബാല്യം.

ചന്ദന സി മധു

# മങ്ങുന്ന ഓർമ്മകൾ



മറക്കരുതേ..

നീ മറക്കരുതേ..

എൻ മനസ്സിൽ നീയുണ്ടേ,

വെറുക്കരുതേ നീ വെറുക്കരുതേ

എൻ കൂട്ടുകാർ നിങ്ങളാണേ.

അകറ്റരുതേ നീ അകറ്റരുതേ

ഹൃദയത്തിൽ നിന്ന് അകറ്റരുതേ.

സഖിയാക്കൂ നീ സഖിയാക്കൂ,

എൻ മനസ്സിൽ മങ്ങുന്നോർമ്മകൾ.

നിനക്കായി സൂക്ഷിക്കണേ.......

അജയ് സുബിൽ കുമാർ

# സ്നേഹ സൗഹൃദം

-എന്നും എൻ ഹൃദയത്തിൽ

സൂക്ഷിക്കുവാൻ വിടരുമീ വിദ്യാലയ

സൗഹൃദം .  എന്നും വിടരുന്ന മുല്ല

മുട്ടുകൾ വാടാതിരിക്കുവാൻ എന്നുമെൻ

ഹൃദയം കൂട്ടായിരുന്നു. വസന്തം

വരുവോളം കാത്തിരുന്നു അഴകുള്ള


സൗഹൃദം പൂ വിരിഞ്ഞു നിൽക്കും

സൗഹൃദം പരിമളം വീശി നിന്നു

ഇതളുകൾ വെയിലിൽ കൊഴിഞ്ഞു

വീണു എന്നാൽ സൗഹൃദം എന്നുമൊരു

സ്നേഹ ബന്ധമാണ് കൂട്ടുകാരേ......



# അണയാത്ത ദീപം

അമ്മ എന്നത് ഒരു സത്യമാണ്



കളങ്കമില്ലാത്ത സത്യം. അണയാത്ത ദീപം.

തിരമാലകലളില്ലാത്ത കടലുപോലെയാണ് അമ്മയില്ലാത്ത വീട്. ഒരു വീട് നിർമ്മിക്കുന്നത് ആശാരി അല്ലെങ്കിൽ മേസ്തിരിയാണ് എന്നാൽ ഒരു കുടുംബം സൃഷ്ടിക്കുന്നത് ഒരു സ്ത്രീയാണ് അമ്മയാണ്. ഒരു ജീവിതം എന്നത് അമ്മയാണ് നാമോരോരുത്തരും അമ്മയുടെ ഉദരത്തിൽ നിന്ന് വന്നവരാണ്. പത്തുമാസം നമ്മളെ ചുമന്ന് നൊന്തുപെറ്റ അമ്മ. നമ്മളെത്ര പിണങ്ങിയാലും ഒട്ടും പരിഭവമില്ലാതെ നമ്മളോട് അടുക്കുന്നത് അമ്മയാണ്. കുടുംബത്തിൽ എത്ര വഴക്കുണ്ടായാലും അതിനെയൊക്കെ ചെറുത്ത് തരണം ചെയ്ത് കുടുംബത്തെ രക്ഷിക്കുന്നത് അമ്മയാണ്. നമുക്കെന്തു കാര്യവും തുറന്നു പറയാവുന്നത് അമ്മയോടാണ് നാമോരോരുത്തരും

കൺമുന്നിൽ കണ്ട ദൈവമാണ് അമ്മ. അതിനാൽ അമ്മയെ നാം ഒരിക്കലും വേദനിപ്പിക്കരുത്.

സോബി

# പൂക്കളെ ചിരിപ്പിച്ച്

പൂക്കളെ ചിരിപ്പിച്ചെത്തുമീ പുലരിയിൽ

സൂര്യനാളത്താൽ പൂക്കൾ വിടരുന്നു.

ഭൂമിയിൽ ലോക സൂര്യനാൽ വിടരുന്ന പൂക്കളെ ചുംബിച്ച്

സൂര്യന്റെ പ്രണയം പറയുന്ന കണ്ണുതുടച്ച് നീ വിടരുന്ന

നേരം കാത്ത് നിന്നെ

തേടിവന്നിട്ടും കാലമാം പൂക്കളും...

സൗന്ദര്യം ആസ്വദിച്ച് സൂര്യൻ മടങ്ങുമ്പോൾ പൂക്കളുടെ മുഖം

വാടി തുടങ്ങും

പിന്നെ ഞാൻ നാളെ എന്റെ

പ്രാണനെ കാണുന്നതെന്നാണ് പൂക്കൾചിന്തിച്ച സൂര്യൻ

പൂക്കളുടെ തേൻ നുകരാൻ തുടങ്ങിയിരിക്കുന്നു

എന്റെ പൂവിനെ ഞാൻ സ്നേഹിക്കും

കൊതി തീരും വരെ.

കൈലാസ് സതീശൻ



shutterstock.com • 1062632339

# വിഷുക്കണി

പാട്ടും വിഷുപ്പക്ഷി പാറിവന്നു

ആട്ടും കണിക്കൊന്ന പൂചൊരിഞ്ഞു.

കണിവെള്ളരികൾ നിരന്നിരുന്നു

ആഹ്ളാദപ്പൂത്തിരി കത്തിനിന്നു

ചക്കപ്പഴവും പൂവൻപഴവും പിന്നെ

മത്തങ്ങയും കാത്തിരുന്നു, അവയ്ക്കു

മുന്നിൽ ഉണ്ണിക്കണ്ണനാം ഭഗവാന്റെ

മാല്യം ചാർത്തിയ പൊൻവിഗ്രഹവും

വന്നല്ലോ നല്ല വിഷുപ്പുലരി,

കണ്ണുതുറക്കു.........

കണികാണാൻ........

Nandana

TEACHER'S DAY CELEBRATION






മഴപെയ്താൽ പുഴയാകും

പുഴ ചേർന്നാൽ കടലാകും

കടലായാൽ തിരപൊങ്ങും

തിര നിന്നാൽ കര തീരും

കര തീര്‌ന്നാൽ കരയല്ലേ

കടൽ മീനായ് കളിയാടാം

(വിനയ് )

# ചിന്തകൾ

ചിന്തകൾ ചങ്ങല പോലെയാണ്




ചിലപ്പോൾ കണ്ണിയിൽ

കൊളുത്തിയും

അല്ലെങ്കിൽ ചിതറിക്കിടന്നും

വെറുതെ ചിരിക്കുന്നു

അതിനിടയിൽ കതിരും പതിരും

വേർതിരിച്ചറിയാനാവാതെ

ഇടയിൽ കുടുങ്ങിയ വിലങ്ങുകൾ

വീർമുട്ടി വെളിച്ചം തേടുന്നു.

പുകയുന്ന ചിന്തയും അതിലെരിയുന്ന

സ്വപ്നങ്ങളും കൊരുത്തു വച്ചാൽ

നവീനമായ ചിന്ത ഉണരുമോ?

അതിരില്ലാത്ത ചിന്തയും

പരിധിയില്ലാത്ത മോഹവും

തളച്ചിടാനാവുമോ?.....................

# കണ്ണന്റെ അമ്മ



കണ്ടോ കണ്ണനെ?

കണ്ണും ചുവന്നാമ്മ

കാട്ടിൽ തേടി നടക്കുന്നു

കണ്ടില്ലാ ഞങ്ങൾ

കണ്ടില്ലാ...

കരി വണ്ടും തുമ്പിയും

മൂളുന്നു

കണ്ടില്ലാ ഞങ്ങൾ

കണ്ടില്ലാ...

മലർ ചെണ്ടുകൾ

മിണ്ടാതെ നിൽക്കുന്നു

കണ്ടിട്ടില്ലാ

ഞാനൊന്നും

പേടമാൻ കണ്ണും നീട്ടിത്തിരിയുന്നു

കണ്ണാ നീക്കാട്ടിലെ കൊച്ചു കാളിന്ദിയോളങ്ങൾ തുള്ളുന്നു

കഴലു കഴച്ചു വലഞ്ഞപ്പോളമ്മ

തിരികേ പോവാൻ തുടങ്ങുന്നു.

കാടിൻ നീലിച്ച ഹ്രദയത്തിൽ നിന്നപ്പോളൊരോടൽക്കുഴൽ

വിളി പൊങ്ങുന്നു.

കമ്പു കരം വിട്ടു വീഴുന്നു.

മുഖം  പുഞ്ചിരികൊണ്ടു തിളങ്ങുന്നു.

കണ്ണും പൂട്ടി നിന്നമ്മ

തൻ കുഞ്ഞിന്റെ പൊന്നോടക്കുഴൽ കേൾക്കുന്നു.

Amjith subash




# ഓർമ്മയിലെ എന്റെ വിദ്യാലയം

സ്നേഹം തുളുമ്പി എന്നെ സ്നേഹിച്ച

മുത്തശ്ശിയാണെൻ വിദ്യാലയം

കഥകൾ  പറഞ്ഞും പാട്ടു പാടിയും

കരുതലോടന്നെ കാക്കുമെൻ ഗുരുക്കൾ

കളിയായ് ചിരിയായ് വഴക്കായ്

വന്നെന്നെ രസിപ്പിക്കും കൂട്ടുകാർ

അറിവിന്റെ ആദ്യക്ഷരങ്ങളെന്നെ

ചൊല്ലിയും തല്ലിയും പഠിപ്പിച്ച

ഇന്നും കരുതലോടെ മാതൃസ്നേഹത്തിൽ

എന്നെ വളർത്തും എൻ വിദ്യാലയം മുത്തശ്ശി



# Mahatma Gandhi[1]

m-man of high character

a-admired by one and all

h-humbly served the poor

a-active he was

t-truth was his life



PRANAV

1

# നിശബ്ദം

അറിയുന്നുവോ ,ഇനിയും അറിയുന്നുവോ

ഈ നിഴലിൻ നിലാവിന്റെ നാൽവഴികൾ

മിഴിനീരിനായ്ത്തന്നാ

ഇരുൾ വഴികളിൽ നേരം,

നിറയും ,മിഴിയിൽ ജ്വലിച്ചമർന്നു

താപത്തിൽ ചുട്ടെരിഞ്ഞെൻ

ജീവസ്വപ്നങ്ങൾ

പിന്നെയും എൻസ്വപ്നം

വരണ്ടുപോയി

ആത്മാവ് പിഞ്ചിയ നൂലുമായി

അതിൽ കത്തിയെരിഞ്ഞെന്റെ ആത്മഹർഷം

അറിയുന്നുവോ, നീ അറിയുന്നുവോ

എൻ വേദനകളേ

നീ അണിയും കനൽ വഴികളേ

ജീവൻ അഗ്നിയായ് മാറ്റും ചരിത്രത്തിനെ

ഫൈസില k.v

# സ്കൂൾ പ്രവർത്തനങ്ങൾ



# കേരളം -അടിസ്ഥാന വിവരങ്ങൾ

കേരള സംസ്ഥാനം നിലവിൽ വന്ന വർഷം?

-നവംബർ 1

കേരളത്തിന്റെ തലസ്ഥാനം?

- തിരുവനന്തപുരം

കേരളത്തിലെ പ്രധാന ഭാഷ?

മലയാളം

കേരളത്തിന്റെ സംസ്ഥാന വൃക്ഷം?

തെങ്ങ്

കേരളത്തിലെ ജലസമൃദ്ധിയുള്ള നദി ഏത്?

പെരിയാർ

ഫൈസില കെ .വി




ഒരു ജന്തുവും വെള്ളം കുടിക്കാതെ ജീവിക്കുന്നില്ല".

അതുകൊണ്ട് എല്ലാ ജന്തുക്കൾക്കും പ്രാണനാണ് ജലം .

"അത് അധികമായാലും അൽപ്പമായാലും എങ്ങും ജലപാനത്തെ നിഷേധിക്കുന്നില്ല."

അഷ്ടാംഹൃദയത്തിൽ വ്യക്തമാക്കുന്ന വരികളാണിവ.

ജീവൻ നിലനിർത്താൻ ഏതു ജന്തുവിനും ആവശ്യമായ ഒന്നാണ് ജലം.അതിന്റെ അലഭ്യത വരൾച്ചയും,തളർച്ചയും ഉണ്ടാക്കും .പ്രായപൂർത്തിയായ ഒരു വ്യക്തിയുടെ ശരീരഭാരത്തിന്റെ എഴുപതു ശതമാനവും വെള്ളമാണ്.ശരീരത്തിലെ ജലാംശത്തിന്റെ അളവ് കുറയുമ്പോൾ ദേഹത്തിന്റെ ഊഷ്മാവ് വർദ്ധിക്കും.രക്ത ചംക്രമണം തകരാറിലാകും.വൃക്കകളുടെ പ്രവർത്തനം തകരാറിലാകും.ശരിയായ അളവിൽ ശരീരത്തിൽ ജലം ഉണ്ടായിരിക്കുമ്പോൾ മാത്രമേ ക്ഷീണം ഇല്ലാതിരിക്കുകയുള്ളൂ.ശരീരത്തിൽ ജലാംശം കുറയുമ്പോൾ

ശരീരം തന്നെ അതിനു വഴികണ്ടെത്തും

'ദാഹം'എന്നു പറയുന്നത് വെള്ളം കുടിക്കാൻ ശരീരം നൽകുന്ന നിർദ്ദേശമാണ് .

സോബി മോൾ

# ലഹരി വിരുദ്ധ സമൂഹം സാധ്യമോ ?

ആധുനികയുഗം ഇന്ന് ലഹരിയുഗമായി മാറിക്കൊണ്ടിരിക്കുന്നു.സമൂഹത്തിൽ സർവസാധാരണമായ ഒരു സംഭവ വികാസമണ് ലഹരിയുടെ ഉപയോഗവും




പ്രചാരവും .സ്കൂൾ വിദ്യാർഥികൾ മുതൽ പ്രയമായവർ വരെ ചിലപ്പൊൾ സ്ത്രീപുരുഷ ഭേദമന്യേ ലഹരിയുടെ ഉപയോഗം ടിവരികയാണ്. സമൂഹത്തെ വരെ ദോഷകരമായി തന്നെ ബാധിക്കുന്ന കാൻസർ മാത്രമാണ് ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നത് കൊണ്ട് നമുക്ക് ലഭിക്കുന്ന സമ്മാനം . മദ്യപാനവും ലഹരി ഉപയോഗവും എല്ലാം തന്നെ മനുഷശരിരത്ത് ഓാരോ പ്രവർത്തനം തന്നെയാണ്. ഒരു

പക്ഷേ മനുഷ്യശരീര ത്തിലെ ഏതെങ്കിലും ഭാഗത്തു ഉണ്ടാകുന്ന കാൻസർ എന്ന മാറാരോഗം ചിലപ്പോൾ അതി ഭയാനകമായ മറ്റ് എന്തെങ്കിലും കാഴ്ച്ച ഇവയാണ് നാം കാണേണ്ടി വരുന്നത്.

സ്വാതന്ത്ര്യത്തിനുവേണ്ടി അക്ഷീണമായി പോരാടിയ ഗാന്ധി' മദ്യത്തിന് എതിരായിരുന്നു. അദ്ദേഹത്തിന്റെ സമ്പൂർണ്ണമായ മദ്യ നിരോധനനയം നടപ്പിലാക്കാൻ പറ്റുന്നത് ഭാരതത്തിലാണ് അതുപോലെ തന്നെ "ശ്രീനാരായണ ഗുരുവിന്റെ വാക്കുകളും മദ്യവിപണനത്തിന് എതിരായിരുന്നു 'മദ്യം വിഷമാണ് ഉണ്ടാക്കരുത്,കുടിക്കരുത്, കൊടുക്കരുത് കാരണം മദ്യപാനം ഭാരത സംസ്കാരത്തിന് യോജിക്കുന്നതല്ല. എന്നാൽ വളർന്നുവരുന്ന തലമുറ മദ്യത്തിനും മയക്കമരുന്നുകൾക്കും അഭയം തേടുമ്പോൾ ഏതു നിരോധനവും ലഹരിയിൽ അലിഞ്ഞു ചേരും ഇവിടെയാണ് വിദ്യാർത്ഥികളായ നമുക്കു പോരാടാനുള്ളത്. ലഹരിയും മദ്യവും പാടെ വർജ്ജിച്ചുകൊണ്ട് ഉത്തരവാദിത്വബോധമുള്ള സമുഹമായി നമുക്കു വരാം. ലഹരി വിമുക്ത സമുഹമെന്ന മഹത്തായ സ്വപ്നം. അതുവഴി അനേകായിരങ്ങളുടെ കണ്ണുനീർ തുടയ്ക്കാനും രോഗവിമുക്തമാകാനും നമുക്ക് സാധിക്കട്ടെ.

(വിനയ്)




.നവ ഭാവനകൾ എല്ലാക്കാലത്തും ഊർജ്ജനിർമ്മിതങ്ങളുടെ ശില്പ വേലകളാണ്.ഡി"ആർട്ടിൻറെ" നിർമ്മിതിയുമായി ബന്ധപ്പെട്ട് കഥ,കവിത ലേഖനങ്ങൾ എന്നിവ നൽകി സഹകരിച്ച അധ്യാപകർ,വിദ്യാർത്ഥികൾ,മാഗസിൻ തയാറാക്കാൻ പ്രചോദനമേകിയ ലിറ്റിൽകൈറ്റ്സ് മിസ്ട്രസുമാർ,പ്രധാന അധ്യാപിക മുതലായവർക്ക് ഞങ്ങൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഹൃദയത്തിൻറെ ഭാഷയിൽനന്ദി രേഖപ്പെടുത്തുന്നു...

